**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 458**

**27.02.2018 - ൽ മറുപടിക്ക്.**

## ടൂൾ റൂം കം ട്രെയിനിങ് സെന്ററിലെ ജീവനക്കാർ സമർപ്പിച്ച നിവേദനം

ചോദ്യം
ശ്രീ. വി. കെ. സി. മമ്മത് കോയ

**മറുപടി**
**ശ്രീ. എ. സി. മൊയ്തീൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).**

| ചോദ്യം | മറുപടി |
|---|---|
| (എ) ഒളവണ്ണയിലെ ടൂൾ റൂം കം ട്രെയിനിങ് സെന്ററിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടക്കുന്നത് ; ഏതൊക്കെ ട്രേഡിലാണ് ട്രെയിനിങ് നൽകുന്നത് ; | (എ) : ചെറുകിട വ്യവസായങ്ങൾക്ക് ആവശ്യമായി വരുന്ന ഉത്പന്നങ്ങളുടെ ഡിസൈനിംഗും വിവിധ ഉത്പന്നങ്ങളുടെ യഥാർത്ഥ മാതൃകകളുടെ വികസനവും കൂടാതെ ചെറുകിട യൂണിറ്റുകൾക്ക് ആവശ്യമുള്ള മോൾഡുകൾ, ഡൈകൾ, ടൂളുകൾ എന്നിവയുടെ രൂപകൽപ്പന നിർമ്മാണം എന്നിവയാണ് ടൂൾ റൂം കം ട്രെയിനിങ് സെന്ററിൽ നടക്കുന്ന പ്രവർത്തനങ്ങൾ.<br>ഐ.എസ്.ആർ.ഒ., വി.എസ്.എസ്.സി തുടങ്ങിയ സ്ഥാപനങ്ങൾക്ക് ആവശ്യമുള്ള ഉത്പന്നങ്ങൾ റേറ്റ് കോൺട്രാക്ട് അടിസ്ഥാനത്തിൽ ഇവിടെ നിർമ്മിച്ച് നൽകുന്നുണ്ട്.<br>പത്താംക്ലാസ്സും ഐ.ടി.ഐ -യും യോഗ്യതയുള്ളവർക്കായി 6 മാസം ദൈർഘ്യമുള്ള പ്രെസിഷൻ മെഷീനിങ് സർട്ടിഫിക്കറ്റ് കോഴ്സും കേന്ദ്ര സർക്കാർ സ്ഥാപനമായ സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആന്റ് ടെക്നോളജിയുമായി ചേർന്ന് 4 മാസം ദൈർഘ്യമുള്ള കാഡ്/കാം ഉൾപ്പെടെ സി.എൻ.സി പ്രോഗ്രാമിൽ സർട്ടിഫിക്കറ്റ് കോഴ്സും നടത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ടൂൾ റൂം കം ട്രെയിനിങ് സെന്ററിലെ ജീവനക്കാർ സമർപ്പിച്ച നിവേദനത്തിൽ (ഫയൽ നമ്പർ വ്യവസായം 597/എഫ്2/2016 തീയതി 23/08/2016) സിഡ്കോ മാനേജിങ് ഡയറക്ടർ ആവശ്യമായ റിപ്പോർട്ട് നൽകിയിട്ടുണ്ടോ ; റിപ്പോർട്ട് സമർപ്പിക്കുന്നതിൽ അസാധാരണമായ കാലതാമസം ഉണ്ടായിട്ടുണ്ടോ ; | (ബി) : | റിപ്പോർട്ട് ലഭ്യമായിട്ടില്ല. 23/08/2016 തീയതിയായുള്ള കത്ത് മുഖേന ആവശ്യപ്പെട്ടിരുന്ന റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ കാലതാമസം ഉണ്ടായതായി കാണുന്നു. |
| (സി) | സിഡ്കോയിലെ ജീവനക്കാർക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ടൂൾ റൂം കം ട്രെയിനിങ് സെന്ററിലെ ജീവനക്കാർക്കും ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ ? | (സി) : | പ്രസ്തുത വിഷയം സിഡ്കോ ഡയറക്ടർ ബോർഡ് തീരുമാനമാക്കി സർക്കാരിലേക്ക് അപേക്ഷിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.